"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി പദ്ധതി - ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മാടപ്പള്ളി അഡീഷണൽ ഐസിഡിഎസിലെ 51-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് വകുപ്പ് വിഹിതം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.275/2025/WCDD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.52/2015/സാനീവ തീയതി 02/02/2015
2. സ.ഉ(സാധാ) നം.476/2015/സാനീവ തീയതി 30/07/2015
3. വനിത ശിശു വികസന ഡയറക്ടറുടെ 04/10/2024 , 26/12/2024 തീയതികളിലെ DWCD/192/2023-ICDSA8 നമ്പർ കത്ത്.
4. സ.ഉ(സാധാ) നം.127/2025/WCDD തീയതി 24/03/2025

**ഉത്തരവ്**

ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി വീതം നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ 2235-02-102-69 (P) ശീർഷകത്തിൽ നിന്നും 5452.49 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ തിരുവനന്തപുരത്തെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. മാതൃക അങ്കണവാടി പദ്ധതി പ്രകാരം വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും എം.എൽ.എ വിഹിതമായി 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ വിനിയോഗിച്ച് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മാടപ്പള്ളി അഡീഷണൽ ഐസിഡിഎസിലെ 51-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി ലഭ്യമാകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അങ്കണവാടിയുടെ കെട്ടിട നിർമ്മാണ ചുമതല LSGD ചീഫ് എഞ്ചിനീയർക്ക് നൽകി ഉത്തരവായിട്ടുണ്ട്. മാതൃക അങ്കണവാടികളുടെ ഭരണാനുമതി തുകയായ 23.75 ലക്ഷം രൂപയിൽ പരമാവധി 15% വരെ അധിക തുക 2012 ലെ SOR പ്രകാരം ആവശ്യമായ പക്ഷം അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തിയ്ക്ക് 25,75,000/- രൂപയ്ക്ക് LSGD ചീഫ് എഞ്ചിനീയർ

അംഗീകാരം നൽകിയിട്ടുണ്ട്. ടി അങ്കണവാടി കെട്ടിട നിർമ്മാണ പ്രവർത്തി LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് നടപ്പിലാക്കിയിരുന്നത്.

(2) 2012 വർഷത്തിൽ 2235-02-102-69 (P) റവന്യൂ ശീർഷകത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതിയിൽ എം.എൽ.എ വിഹിതം ഉൾപ്പെട്ടതിനാലും, മാതൃക അങ്കണവാടികളുടെ വകുപ്പ് വിഹിതം അനുവദിക്കുന്നതിനായി പുതിയ മൂലധന ശീർഷകം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലും, 80% പണി പൂർത്തിയാക്കിയിട്ടുള്ള ടി കെട്ടിടത്തിന്റെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് അങ്കണവാടി പ്രവർത്തന സജ്ജമാക്കുന്നതിനും ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മാടപ്പള്ളി അഡീഷണൽ ഐസിഡിഎസിലെ 51-ാം നമ്പർ അങ്കണവാടിയുടെ പരാമർശം (2) ലെ ഭരണാനുമതി പ്രകാരം ആരംഭിച്ച പ്രവർത്തി നിലവിലെ അവസ്ഥയിൽ ക്ലോസ് ചെയ്യുന്നതിനും, അവശേഷിക്കുന്ന പ്രവർത്തികൾ പൂർത്തികരിക്കുന്നതിനായി വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള 8,70,000/ രൂപയും, വകുപ്പ് വിഹിതമായി 8,62,000/- രൂപയും ചേർത്ത് ആകെ 17,32,000/- രൂപ വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചീനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ടി കെട്ടിട നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള അനുമതിയും, വകുപ്പ് വിഹിതമായ 8,62,000/- (എട്ട് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ മാത്രം) രൂപ, 2024-25 സാമ്പത്തിക വർഷത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് മാതൃക അങ്കണവാടികളുടെയും സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങളുടെയും (ശിശു സൗഹൃദപരമായതും നൂതനമായി രൂപകൽപന ചെയ്തതും) നിർമ്മാണം പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ CCO-ആയ 4235-02-102-87(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം പദ്ധതിക്ക് 45,91,425/- രൂപ വകുപ്പ് വിഹിതമായി അനുവദിച്ചുള്ള ഉത്തരവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മാടപ്പള്ളി അഡിഷണൽ പ്രൊജക്റ്റ് പരിധിയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 51 ന്റെ പാർട്ട് ബിൽ തുക ₹8,59,624 /- രൂപ പരാമർശം (4) പ്രകാരം അനുവദിച്ചു ഉത്തരവായിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ

മാടപ്പള്ളി അഡീഷണൽ ഐസിഡിഎസിലെ 51-ാം നമ്പർ അങ്കണവാടിക്ക് ഭരണാനുമതി പ്രകാരം ആരംഭിച്ച പ്രവൃത്തി നിലവിലെ അവസ്ഥയിൽ ക്ലോസ് ചെയ്യുന്നതിനും, അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള 8,70,000/- രൂപയും വകുപ്പ് വിഹിതമായി 8,62,000/-രൂപയും ചേർത്ത് ആകെ 17,32,000/- രൂപ വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അനുമതിയും, വകുപ്പ് വിഹിതമായ **₹8,62,000/-** (എട്ട് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ ) രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് മാതൃക അങ്കണവാടികളുടെയും സ്മാർട്ട് അങ്കണവാടികളുടെയും (ശിശു സൗഹൃദപരമായതും നൂതനമായി രൂപകൽപന ചെയ്തതും) നിർമ്മാണം പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ CCO-ആയ 4235-02-102-87(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുമുള്ള അനുമതി നൽകിയും ടി അങ്കണവാടിയുടെ പരാമർശം (2) പ്രകാരമുള്ള ഭരണാനുമതി പുതുക്കിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 13-06-2025 10:36:47
സെക്ഷൻ ഓഫീസർ